"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ - പി.എം.എ.വൈ (നഗരം) പദ്ധതിയിൽ നഗരസഭ വിഹിതം നൽകുന്നതിന് അനുവദിച്ച 217.22 കോടി രൂപ ഹഡ്കോ വായ്പ അനുവദിച്ച ഉത്തരവ് പരിഷ്കരിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1087/2024/LSGD തീയതി,തിരുവനന്തപുരം, 20-06-2024

---

പരാമർശം:-

1. 17.01.2023 സ.ഉ.(സാധാ) നം.140/2023/തസ്വഭവ
3. കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടറുടെ 31.10.2023 ലെ കെ.യു.ആർ.ഡി.എഫ്.സി/എൽ എം /21517/2023 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പി.എം.എ.വൈ (നഗരം) പദ്ധതിയിൽ കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിച്ച ഡി.പി.ആർ.ൽ ഉൾപ്പെട്ടിട്ടുള്ള 10,861 ഗുണഭോക്താക്കൾക്ക് 2 ലക്ഷം രൂപ നിരക്കിൽ - നഗരസഭ വിഹിതം നൽകുന്നതിന് 217.22 കോടി രൂപയുടെ ഹഡ്കോ വായ്പ 'കെ.യു.ആർ.ഡി.എഫ്.സി. മുഖേന ലഭ്യമാക്കുന്നതിന് പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു. സംസ്ഥാന സർക്കാർ വായ്പയായി പരിവർത്തനം ചെയ്ത 550 കോടി രൂപ 332.78 കോടി രൂപയായി പുന:നിർണ്ണയിച്ച് അതിൽ നിന്നും കുറവ് ചെയ്ത 217.22 കോടി രൂപ സർക്കാർ ഗ്യാരണ്ടിയോടെ നഗരസഭ വായ്പ വിഹിതമാക്കി മാറ്റി ലൈഫ് ഗുണഭോക്താക്കൾക്ക് കെ.യു.ആർ.ഡി.എഫ്.സി. മുഖേന നൽകുന്നതിന് നിബന്ധനകൾക്ക് വിധേയമായാണ് പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചിരുന്നത്.

സംസ്ഥാന വിഹിതമാക്കി മാറ്റിയ 550 കോടി രൂപയുടെ വായ്പയിൽ നിന്നും. 332.78 കോടി രൂപ കുറവ് ചെയ്ത് ബാക്കി തുകയായ 217.22 കോടി രൂപ വായ്പ എടുക്കുന്നതിന് ഹഡ്കോയുടെ വായ്പ അനുമതിപത്രത്തിലെ വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് കെ.യു.ആർ.ഡി.എഫ്.സി പരാമർശം 2 പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.പി.എം.എ.വൈ (നഗരം) പദ്ധതിയിൽ കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിച്ച ഡി.പി.ആർ.ൽ ഉൾപ്പെട്ടിട്ടുള്ള 10,861 ഗുണഭോക്താക്കൾക്ക് 2 ലക്ഷം രൂപ നിരക്കിൽ നഗരസഭ വിഹിതം നൽകുന്നതിന് 217.22 കോടി രൂപയുടെ ഹഡ്കോ വായ്പ അനുവദിച്ച പരാമർശം 1 ഉത്തരവ് തുക

വിനിയോഗിക്കുന്നതിനായി ചുവടെ പറയുന്ന വ്യവസ്ഥകൾ കൂടി ഉൾപെടുത്തി പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. പി.എം.എ.വൈ (നഗരം) ലൈഫ് ഗുണഭോക്താക്കകൾക്ക് 10861 വീടുകൾക്ക് നഗരസഭ വിഹിതം നൽകുന്നതിനായി കെ.യു.ആർ.ഡി.എഫ്.സി.യ്ക്ക് ഹഡ്കോയിൽ നിന്നും 217.22 കോടി വായ്പ എടുക്കുന്നതിന് അനുമതി നൽകുന്നു.

2. വായ്പയുടെ മുതൽ തിരിച്ചടവ് ബന്ധപ്പെട്ട നഗരസഭകൾക്ക് സർക്കാർ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നൽകുന്ന ഡെവലപ്മെന്റ് ഗ്രാന്റിൽ നിന്നും എല്ലാ വർഷവും കുറവ് ചെയ്ത് കെ.യു.ആർ.ഡി.എഫ്.സി. ആരംഭിക്കുന്ന എസ്ക്രോ അക്കൌണ്ടിൽ സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ തന്നെ നിക്ഷേപിക്കുന്നതാണ്. വായ്പയുടെ പരമാവധി തിരിച്ചടവ് കാലാവധി 15 വർഷമാണ്. ഇതിനായി തദ്ദേശസ്ഥാപനങ്ങൾക്ക് ആവശ്യമായ ഡെവലപ്മെന്റ് ഗ്രാന്റ് ഹഡ്കോ വായ്പ കാലാവധി തീരുന്നതുവരെ സംസ്ഥാന വാർഷിക പദ്ധതിയിൽ എല്ലാ വർഷവും സർക്കാർ വകയിരുത്തേണ്ടതാണ്. ഏതെങ്കിലും സാഹചര്യത്തിൽ ഡെവലപ്മെന്റ് ഗ്രാന്റ് കുറവ് ചെയ്യുന്നതിൽ എന്തെങ്കിലും കുറവ് ഉണ്ടായാൽ ആ തുക സംസ്ഥാന സർക്കാർ അനുയോജ്യമായ ബഡ്ജറ്റ് സപ്പോർട്ടിലൂടെ അനുവദിക്കുന്നതാണ്.

3. വായ്പയുടെ പലിശ ഭാഗം സംസ്ഥാന സർക്കാരിന്റെ വാർഷിക പദ്ധതി വിഹിതത്തിൽ നിന്നും നടത്തുന്നതാണ്. 2023-24 വർഷത്തെ വായ്പയുടെ പലിശ തിരിച്ചടവിനുള്ള തുക ഹഡ്കോ വായ്പ തിരിച്ചടവിനുള്ള ബഡ്ജറ്റ് പ്രൊവിഷനിൽ നിന്നും നടത്തുന്നതും തുടർന്നുള്ള വർഷങ്ങളിൽ സംസ്ഥാന ആസൂത്രണ ബോർഡിന്റെ വാർഷിക പദ്ധതിയിൽ പലിശ തിരിച്ചടവിനുള്ള തുക ഹഡ്കോ വായ്പ തിരിച്ചടവ് കാലാവധി അവസാനിക്കുന്നതുവരെ വകയിരുത്തുന്നതുമാണ്.

4. സർക്കാർ വായ്പയായി പരിവർത്തനം ചെയ്ത 550 കോടി രൂപയിൽ നിന്നും കുറവ് ചെയ്ത് പിഎം.എ.വൈ (നഗരം) ലൈഫ് ഗുണഭോക്താക്കൾക്ക് വായ്പയായി മാറ്റുന്ന 217.22 കോടി രൂപയ്ക്ക് സർക്കാർ ഗ്യാരണ്ടി നൽകുന്നതും സർക്കാരിന് നൽകുന്ന ഗ്യാരണ്ടി കമ്മീഷൻ ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളുടെ ഡെവല്യൂഷനിൽ നിന്നും ധനകാര്യ (എസ്എഫ്സി) വകുപ്പ് കുറവ് ചെയ്ത് ബന്ധപ്പെട്ട അക്കൗണ്ട് ഹെഡിൽ ഒടുക്കേണ്ടതാണ്.

5.വായ്പ തിരിച്ചടവിനായി കെ.യു.ആർ.ഡി.എഫ്.സി. എസ്.ബി.ഐ.യിൽ ഒരു എസ്ക്രോ അക്കൗണ്ട് തുടങ്ങേണ്ടതാണ്. അതിൽ മുതൽ തിരിച്ചടവിനായി ഡെവലപ്മെന്റ് ഗ്രാന്റിൽ നിന്നും കുറവ് ചെയ്ത തുകയും പലിശ തിരിച്ചടവിനുള്ള തുകയും നിക്ഷേപിക്കേണ്ടതാണ്. അതിനായി ഹഡ്കോ കെ.യു.ആർ.ഡി.എഫ്.സി., എസ്.ബി.ഐ. സംസ്ഥാന സർക്കാർ എന്നിവർ പാർട്ടികളായി ഒരു quadripartite escrow agreement ഒപ്പുവയ്ക്കേണ്ടതാണ്.

6. എല്ലാ വർഷവും മുതൽ തിരിച്ചടവിനായി തദ്ദേശസ്ഥാപനങ്ങളുടെ ഡെവലപ്മെന്റ് ഗ്രാന്റിൽ നിന്നും തുക കുറവ് ചെയ്യേണ്ടതാണ്. ആയത് ഓരോ സാമ്പത്തിക വർഷാരംഭത്തിലും എസ്ക്രോ അക്കൌണ്ടിൽ നിക്ഷേപിക്കേണ്ടതുമാണ്. ഇപ്രകാരം ധനകാര്യ വകുപ്പ് മുതൽ തിരിച്ചടവിനായി നിക്ഷേപിക്കുന്ന തുകയിൽ നിന്നും എന്തെങ്കിലും തുക സർക്കാർ/കെ.യു.ആർ.ഡി.എഫ്.സി പിൻവലിക്കുകയാണെങ്കിൽ എസ്ക്രോ അക്കൌണ്ടിൽ ഒരു ത്രൈമാസ തിരിച്ചടവിനുള്ള തുക നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്.

7. അവസാന ഗഡു തുക വിതരണം ചെയ്യുന്നതിന് മുൻപ് തന്നെ ഒരു ത്രൈമാസ മുതൽ

തിരിച്ചടവിനുള്ള തുക Debt Service Reserve Fund (DSRF) ഇനത്തിൽ കെ.യു.ആർ.ഡി.എഫ്.സി. എസ്ക്രോ അക്കൗണ്ടിൽ നിലനിറുത്തേണ്ടതും തിരിച്ചടവ് കാലയളവ് പൂർത്തീകരിക്കുന്നത് വരെ ഇത് കൃത്യമായി നിലനിറുത്തേണ്ടതുമാണ്.

8. കെ.യു.ആർ.ഡി.എഫ്.സി. ഹഡ്കോയിൽ നിന്നും ലഭ്യമാകുന്ന വായ്പ വിതരണം ചെയ്യുന്നതിന് കാനറാ ബാങ്കിൽ ഒരു പ്രോജക്ട് അക്കൗണ്ട് ആരംഭിക്കേണ്ടതും ഈ അക്കൗണ്ടിലൂടെ തദ്ദേശസ്ഥാപനങ്ങൾക്ക് തുക വിതരണം ചെയ്യേണ്ടതുമാണ്.

9.വായ്പ വിതരണത്തിനായി കെ.യു.ആർ.ഡി.എഫ്.സി. ഹഡ്കോയുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

കോ -ഓഡിനേറ്റർ, നവകേരളം കർമ്മപദ്ധതി,ബി.എസ്.എൻ.എൽ ഭവൻ, ഉപ്പളം റോഡ്, സ്റ്റാച്ചു, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ഡെപ്യൂട്ടി ജനറൽ മാനേജർ, ഹഡ്കോ റീജണൽ ഓഫീസ്, മൂന്നാം നില, സാഫല്യം കോംപ്ലക്സ്, പാളയം തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

ധനകാര്യ വകുപ്പ്(E-2612141 WCD-3/243/2023-FIN പ്രകാരം )

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 20-06-2024 16:54:22
സെക്ഷൻ ഓഫീസർ